ഉത്തരം

അനധികൃതമായി താമസിക്കുന്ന ഒരു ദിവസ വേതനക്കാരനെ ഒഴിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു. വിശദാംശങ്ങൾ സമാഹരിച്ച് നൽകുന്നതാണ്.

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

198 (5904) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അനർഹർ ഗവൺമെന്റ് ക്വാർട്ടേഴ്സ് കയ്യടക്കി വച്ചിരിക്കുന്നതായ പരാതി പരിഹരിക്കുന്നതിനായി ക്വാർട്ടേഴ്സിനുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഗവൺമെന്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ്

199 (5905) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്ന മാനദണ്ഡം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സ്പെഷ്യൽ ഓർഡർ പ്രകാരം കൂടുതൽ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനാൽ സീനിയോറിറ്റി പ്രകാരം ക്വാർട്ടേഴ്സ് ലഭ്യമാകാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 1-6-2010-നുശേഷം സീനിയോറിറ്റി പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഇവരിൽ താമസം തുടങ്ങിയവരാരെല്ലാം ; താക്കോൽ ലഭിക്കാത്തവർ ആരെല്ലാം ;

(ഇ) സീനിയോറിറ്റി അനുസരിച്ച് അനുവദിച്ച ക്വാർട്ടേഴ്സുകൾ സ്പെഷ്യൽ ഓർഡർ പ്രകാരം ക്യാൻസൽ ചെയ്തിട്ടുണ്ടോ ; എങ്കിൽ സ്പെഷ്യൽ ഓർഡർ പ്രകാരം ആർക്കെല്ലാമാണ് ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളത് ;

(എഫ്) ഇതുമൂലം സീനിയോറിറ്റി പ്രകാരമുള്ള ആർക്കൊക്കെയാണ് താക്കോൽ നൽകാൻ കഴിയാതെ വന്നത് ;

(ജി) ക്വാർട്ടേഴ്സ് അനുവദിക്കുന്നതിലെ ക്രമക്കേട് സംബന്ധിച്ച കേസ്സുകൾ എന്തെങ്കിലും നിലവിലുണ്ടോ ; മുൻകാലങ്ങളിൽ ഇത് സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശങ്ങളെന്തെങ്കിലും നിലവിലുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly